ഭരണഭാഷ- മാതൃഭാഷ

നമ്പർഎ3 - 509/2024

എം.സി.സി.എം. താലൂക്ക് ആശുപത്രി
റാന്നി, തീയതി :05.03.2024
Ph.No.04735 227274
E-mail – thqhranni@gmail.com

## റീ ഇ- ടെണ്ടർ നോട്ടീസ്

എം.സി.സിഎം താലൂക്കാശുപത്രി റാന്നിയിൽ കാസ്പ് /ജെ.എസ്.എസ്.കെ./ ആർ.ബി.എസ്.കെ./എ കെ/ ട്രൈബൽ പദ്ധതികളിൽപ്പെട്ട ഈ ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുന്നതിന് അംഗീകൃത മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. എംആർപിയിൽ നിന്നും ഏറ്റവും കൂടുതൽ കിഴിവ് ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്യുന്നവരുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. (മരുന്നുകളുടെ എം. ആർ. പി യിൽ നിന്നുള്ള ജി. എസ്. ടി ഉൾപ്പെടെയുള്ള ഡിസ്കൗണ്ട് ശതമാനമാണ് ക്വോട്ട് ചെയ്യേണ്ടത്) ടെണ്ടർ ഉറപ്പിച്ചവർ ആശുപത്രിയിൽ നിന്ന് നിർദ്ദേശിക്കുന്നതനുസരിച്ച് മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ഗുണനിലവാരം ഉള്ളതായിരിക്കണം. അല്ലാത്തപക്ഷം ടെണ്ടർ അസാധുവാക്കുന്നതിന് സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കുന്നതാണ് (ആശുപത്രിയിൽ നിന്ന് 2 കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ ആയിരിക്കണം ടെണ്ടർ സമർപ്പിക്കേണ്ടത്, അടിയന്തരഘട്ടങ്ങളിൽ അരമണിക്കൂറിന് ഉള്ളിൽ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്) ആശുപത്രി വികസന സമിതിയുടെ നേതൃത്വത്തിൽ ടി സേവനം ലഭിക്കുന്ന പക്ഷം ടെണ്ടർ റദ്ദാക്കുന്നതാണ്.

ഉദ്ദേശ അടങ്കൽ തുക –12 ലക്ഷം രൂപ

നിരതദ്രവ്യം – 30,000/– രൂപയുടെ ( ഇഎംഡി)

ടെണ്ടർ ഫോറം ഫീസ് – 2500/-

ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയതി : 10/03/2024 5.00 പി.എം

ടെണ്ടർ തുറക്കുന്ന സമയം : 11/03/2024 10.00എ.എം.

ടെണ്ടർ നടപടികളിൽ ഏതു തരത്തിലുള്ള ഭേദഗതി വരുത്തുന്നതിനും സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾ ആഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിലെ പ്രവർത്തി സമയത്ത് ലഭ്യമാകുന്നതാണ്.

M.C.C.M. TALUK HEAD QUARTERS HOSPITAL RANNY

5/3/24

സൂപ്രണ്ട്

SUPERINTENDENT
M.C.C.M. Taluk Head Quarters Hospital
RANNI

പകർപ്പ് – 1. നോട്ടീസ് ബോർഡ് താലൂക്ക് ആശുപത്രി റാന്നി
2. നോട്ടീസ് ബോർഡ് റാന്നി പഞ്ചായത്ത്
3. നോട്ടീസ് ബോർഡ് റാന്നി ബ്ലോക്ക് പഞ്ചായത്ത്
4. നോട്ടീസ് ബോർഡ് ബസ് സ്റ്റാന്റ് റാന്നി
5.ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( വെബ്സൈറ്റ്)
6. Information & Public Relation Department Pathanamthitta

**എം. സി. സി. എം താലൂക്ക് ആശുപത്രി റാന്നിയിലേക്ക് ആവശ്യമായ മരുന്നുകൾ നിശ്ചിത വില അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് വാങ്ങുന്നതിന് ഇ- ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നതിനുള്ള പൊതു വ്യവസ്ഥകൾ/ നിബന്ധനകൾ**

1. സാങ്കേതികമായി മരുന്ന് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സംശയം ഉണ്ടാകുന്ന പക്ഷം, സാങ്കേതിക വിരങ്ങൾ, വില വിവരം, എന്നിവ അടങ്ങിയ ലിസ്റ്റ് അത് പ്രകാരമുള്ള മരുന്നുകളുടെ സാപിംൾ തുടങ്ങിയവ സഹിതം സാങ്കേതിക സമിതി അംഗീകരിച്ച ലിസ്റ്റ് പ്രകാരമുള്ള മരുന്നുകളുടെ വിതരണ ഉത്തരവിനനുസരിച്ച് നൽകേണ്ടതാണ്.
2. ടെണ്ടർ കാലാവധിക്കകത്ത് യാതൊരു കാരണവശാലും വിലയിൽ മാറ്റം വരുത്താൻ അനുവദിക്കുന്നതായിരിക്കില്ല.
3. വിതരണം ചെയ്യുന്ന സാമഗ്രികളുടെ നിലവാരം, സാങ്കേതികത തുടങ്ങിയ നിബന്ധനകൾ സംബന്ധിച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ താലൂക്ക് ആശുപത്രി സൂപ്രണ്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
4. ടെണ്ടർ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്.
5. സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ടെണ്ടറുകൾക്കും ബാധകമായിരിക്കും
6. ദർഘാസുകൾ ഉറപ്പിക്കുന്ന സ്ഥാപനം/ വിതരണക്കാർ ആശുപത്രിയിൽ നിന്നും ആവശ്യപ്പെടുന്ന എല്ലാ മരുന്നുകളും പ്രസ്തുത ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. താഴ്ന്ന താപനില, പൊടിപടലങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയ സൂക്ഷിപ്പ് സംബന്ധിച്ച് നിയമാനുസൃതമായ വ്യവസ്ഥകൾ പാലിച്ച് കൊണ്ടായിരിക്കണം വിതരണം നടത്തേണ്ടത്.
7. സ്റ്റോർ പർച്ചേസ് നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.
8. നിബന്ധനകൾക്ക് വിധേയമല്ലാത്ത ഏതെങ്കിലും പ്രവർത്തികൾ ടെണ്ടർ എടുക്കുന്ന വ്യക്തി/ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയാണെങ്കിൽ യാതൊരു വിധ മുന്നറിയിപ്പും കൂടാതെ ടെണ്ടർ നടപടികൾ നിറുത്തിവെക്കുന്നതിനും ടെണ്ടർ പൂർണ്ണമായും റദ്ദാക്കാനുമുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.

M.C.C.M. TALUK HEAD QUARTERS HOSPITAL RANNY

സൂപ്രണ്ട്

SUPERINTENDENT
M.C.C.M. Taluk Head Quarters Hospital
RANNI